ഭാവിലോകം

ഡി. പങ്കജാക്ഷക്കുറുപ്പ്

ഭാവിലോകം

ഡി. പങ്കജാക്ഷക്കുറുപ്പ്
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Two girls with apples and pears, a painting by Alexei Harlamov (1840–1925). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

ഭാവിലോകം 4

രൂപഭാവങ്ങൾ 5

ഭാവിലോകത്തിന്റെ രൂപരേഖ . . 6

ഭാവി ധനതത്വശാസ്ത്രം 7

സംശയങ്ങൾ 8

മനസ്സും വിവേകവും 9

ഏകാത്മദർശനം 10

ഭാവിലോകം

രൂപഭാവങ്ങൾ

പുതിയ ഒരു ലോകം സാദ്ധ്യമാണ്
എന്നുതന്നെയല്ല ആവശ്യവുമാണ്
എന്ന വിശ്വാസത്തിലേക്ക്
ജനതയെ ഉണർത്തുവാനുള്ള
ഒരു കേളികൊട്ടാണ് ഈ കൃതി

ദർശന[1] ത്തിന്റെ സ്വപ്നം ദർശനത്തിന് സാക്ഷാത്ക്കരിക്കാവുന്നതല്ലല്ലോ. അവരവരെക്കൊണ്ട് സാധിക്കാത്ത കാര്യത്തിന് എന്തിന് വ്യഥാ പ്രയത്നിക്കുന്നു.

---

1. ആലപ്പുഴയിൽ നിന്ന് 1973 മുതൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഒരു മാസിക.

ദർശനത്തിന് സാദ്ധ്യമല്ലെന്ന് സമ്മതിക്കുന്നു. പാർട്ടികൾക്കോ, മതങ്ങൾക്കോ, രാഷ്ട്രങ്ങൾക്കോ, വിശ്വ പരിവർത്തനം സാദ്ധ്യമാകുമോ. ഇല്ലെന്നെല്ലാവരും സമ്മതിക്കും. ആർക്കാണിത് സാധിക്കുക. ബഹുജനങ്ങൾക്ക് സാധിക്കും എന്നാണ് ദർശനത്തിന്റെ വിശ്വാസം. ഒറ്റക്കും കൂട്ടായും പരിശ്രമിക്കുക മാത്രമേ നമുക്കാവൂ. അത് ചെയ്യുക തന്നെ വേണം.

സൈറൺ മുഴക്കാം

സ്വകാര്യമാത്രപരത വർദ്ധിച്ച, ഉള്ളിലെ ആർദ്രത വറ്റി, പക പെരുകി വരുന്ന ഒരു കാലഘട്ടമാണിത്. ഇവിടെ മനുഷ്യത്വം ഉണർത്തി മുന്നോട്ടുള്ള കുതി സാദ്ധ്യമാക്കണം. അതിന് നമ്മുടെ വിദ്യാലയങ്ങളും വീടും വേണ്ടത്ര സഹായിക്കുന്നില്ല. ഒരു വീട്ടിൽ ജനിച്ചു വളർന്നുവരുന്ന ഒരു കുട്ടിയെ ആ വീടിന്റെ തുണാക്കിത്തീർക്കാനാണ് പല വീട്ടുകാരും ശ്രമിക്കുന്നത്. വ്യക്തിയെ ഉദാസീനനാക്കി മുരടിപ്പിച്ച് തമസിന്റെ ഭാഗമാക്കിത്തീർക്കുന്നതിൽ ടി. വി.-ക്കും നല്ല പങ്കുണ്ട്. അതിന്റെ മുമ്പിലിരുന്ന് ഭക്ഷണം കഴിച്ചും വിശ്രമിച്ചും ഉറങ്ങിയും സന്താഷമായി കഴിയാൻ നമ്മുടെ സ്ത്രീ പുരുഷന്മാരും കുട്ടികളും ശീലിച്ചുപോയി. ഇതിനിടയിൽ എന്തെങ്കിലും തെറ്റു ചെയ്തുപോയാൽ പാപപരിഹാരത്തിന് ആരാധനാലയങ്ങളുണ്ട്. എന്തും ചെയ്യാം. രോഗനിവാരണത്തിന് ആശുപത്രികൾ ഉള്ളതിനാൽ ആഹാരത്തിൽ ഒരു നിയന്ത്രണവും വേണ്ട. നാട്ടിൽ എന്തു സംഭവിച്ചാലും ഞാനൊന്നും അറിഞ്ഞില്ല എന്ന ഭാവത്തിൽ സ്വന്തം മുറിയിൽ സ്വസ്ഥനായിരിക്കാൻ കഴിയത്തക്കവണ്ണം മനുഷ്യൻ മരവിച്ചുപോയില്ലേ?

പൈശാചികതയേക്കാൾ കഷ്ടമാണ് ഈ ജഡാവസ്ഥ. ഇതിനെ തുത്തെറിയാൻ ദർശനത്തിന് കഴിയില്ല. എന്നാൽ വിളിച്ചു കൂവാൻ കഴിയും. അപൂർവം ചിലർ കേട്ടെന്ന് വരും. അവരും കൂടിച്ചേർന്നു കൂവി വിളിക്കണം. 'അപകടം', 'കടുത്ത അപകടം, കൈകോർത്താൽ രക്ഷപെടാം' എന്ന മനുഷ്യ ശബ്ദം മാനവ മുഖങ്ങളിൽനിന്നു പുറത്തവരണം. അതിനുപയോഗപ്പെടുന്നില്ലെങ്കിൽ എന്തിനീ കണ്ണും? വസ്ത്രമാകുന്നില്ലെങ്കിൽ എന്തിനീ നൂൽ? തുടലാകാൻ തയ്യാറല്ലെങ്കിൽ എന്തിന് കണ്ണിയുണ്ടാവണം? നെയ്യപ്പെടാൻ തഴ വഴങ്ങുന്നില്ലെങ്കിൽ തഴയുടെ പ്രസക്തിയെന്തു? ഒന്നിച്ച് ജീവിക്കുവാൻ കൊള്ളില്ലെങ്കിൽ വ്യക്തികളെന്തിന്?

ഓരോ മനസ്സിന്റെയും ഉള്ളറയിൽ അന്യോന്യജീവിതത്തിന്റെ മണിനാദം മുഴങ്ങട്ടെ. അപ്പോഴാണ് വ്യക്തിജീവിതം സഫലമാകുന്നത്.

"നിന്നെക്കൊണ്ടാകാത്ത കാര്യത്തിന് നീ എന്തിന് വിളിച്ചു കൂവുന്നു" എന്നു ചോദിക്കരുതേ.

ഭാവിലോകം

"ഭാവിലോകത്തെപ്പറ്റിയുള്ള നിങ്ങളുടെ കാഴ്ചപ്പാട് എന്തു? സാമൂഹ്യപ്രവർത്തകരോട് ഞാൻ ചോദിക്കാറുണ്ട്. ആവശ്യങ്ങൾ മുന്നിൽകണ്ടുകൊണ്ട് താല്ക്കാലിക പ്രവർത്തനം എന്ന നിലയ്ക്കാണ് പലരും നമ്മുടെ രംഗത്ത് നിൽക്കുന്നത് എന്ന് എനിക്ക് മനസ്സിലായി. ബഹുജനങ്ങളിലാകട്ടെ അവർ ധാരാളം പറയുമെങ്കിലും പുതിയൊരു ലോകം അവരുടെ സ്വപ്നത്തിൽപ്പോലുമുള്ളതായി കണ്ടില്ല. പലരും വായിക്കുന്നു, കേൾക്കുന്നു, പറയുന്നു; എന്നാൽ നടക്കേണ്ട ഒരു മഹാ സംഭവം എന്ന നിലയ്ക്ക് പുതിയ ലോകത്തിന്റെ ആവിഷ്കാരത്തെ കാണാൻ ശ്രമിക്കുന്നില്ല. ഭാവനയിൽ അതില്ല. അനുദിന സംഭവങ്ങളെ നന്നായി വ്യാഖ്യാനിക്കാൻ കഴിയുന്ന പലരും അനുദിന ജീവിതത്തിനപ്പുറത്തേക്ക് പോകുന്നില്ല. പോകുന്നവരാകട്ടെ 'നടപ്പില്ല' എന്ന ബോദ്ധ്യത്തിൽ പിൻതിരിയുകയുമാണ്. ലോകത്തിനാകെ വേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും രക്തസാക്ഷികളാകുകയും ചെയ്ത ലോക മഹാപുരുഷന്മാരെപ്പോലും നമ്മുടെ ചെറിയ മനസ്സിൽ കൊള്ളാൻ പാകത്തിന് ചെറുതാക്കിക്കൊണ്ടിരിക്കുകയല്ലേ നാം.

വളരാൻ മടിക്കുന്ന ഈ വീക്ഷണ ശൈലിയാണ് സംഭവം ഉണ്ടാകാത്തതിന്റെ ഒരു കാരണം എന്ന് എനിക്ക് തോന്നുന്നു. ബഹുജനങ്ങളുടെ സ്വപ്നത്തിൽ വരാത്ത ഒരു കാര്യം സാക്ഷാത്കരിക്കാൻ ആർക്കു കഴിയും? സമൂല പരിവർത്തനം ലോകത്തിന് എന്നും അന്യമായിത്തന്നെ ഇരിക്കും. കണ്ടുപിടിത്തങ്ങളും, യുദ്ധങ്ങളും, ജയപരാജയങ്ങളും ഭരണമാറ്റങ്ങളും പുതിയ ഭോഗാനുഭൂതികളും കൊണ്ട് നമുക്ക് സംതൃപ്തരാകേണ്ടിവരും. ഇതും അധികകാലം തുടരാൻ സാധിക്കില്ല. എല്ലാം വെറുത്ത്, ആത്മഹത്യാ പ്രവണത വളർന്ന് ഒടുവിൽ യദുവംശത്തെപ്പോലെ തമ്മിൽ തമ്മിൽ അടിച്ച് മരിക്കേണ്ട ഗതികേട് സംഭവിച്ചേക്കാം. അതിനിടവരുത്തണോ? ഒന്നിനും ഒരു കുറവുമില്ലാത്ത, എല്ലാവർക്കും ആവശ്യത്തിന് വേണ്ടുവോളമുള്ള അതിമനോഹരമായ അനുഗ്രഹീതമായ ഈ ഭൂമിയിൽ കിട്ടിയ ജീവിതം കലാപവേദിയാക്കുവാൻ തക്ക ബുദ്ധിമോശം നമുക്കു സംഭവിച്ചല്ലോ. ഈ ഭൂമി എന്റെ ഒപ്പം ഉള്ളവർക്കും പിന്നാലെ വരുന്നവർക്കും കൂടി ജീവിക്കാനുള്ളതാണ് എന്ന് ഓരോരുത്തരും കരുതിയാൽ പ്രശ്നം തീരില്ലേ?

ഇവിടെ എനിക്കുവേണ്ടി മാത്രമായി ഒന്നുമില്ല. എല്ലാവർക്കും വേണ്ടത്ര ഉള്ളപ്പോൾ ഒറ്റയ്ക്കനുഭവിക്കണമെന്ന ശാഠ്യം എന്തിനു പുലർത്തുന്നു. കടലിലെ മത്സ്യം വേണ്ടവരെല്ലാം പിടിച്ചുകൊള്ളട്ടെ. പിടിക്കാൻ കഴിയാത്തവർക്ക് പിടിച്ചവർ കൊടുക്കട്ടെ. മത്സ്യം ഉൾപ്പെടെ ഒന്നും വില്പനചരക്കേ അല്ല. മനുഷ്യർക്കും പറവകൾക്കും തിന്നാനും മത്സ്യങ്ങൾക്ക് പരസ്പരം പിടിച്ചുതിന്നാനുംകൂടി ഉള്ളവയാണ് മത്സ്യങ്ങൾ. ഈ കാഴ്ചപ്പാട് തെഴിൽ രംഗത്തും കലാരംഗത്തും ആദ്ധ്യാത്മിക രംഗത്തും ഒക്കെ നമുക്ക് വളർത്തിയെടുക്കാൻ കഴിയണം. അതായത്—നമ്മളോരോരുത്തരും ജീവിക്കുന്നത് ലോകത്തിനാകെ വേണ്ടിയാണ് എന്ന ബോധം സകല ചലനങ്ങളിലും തെളിഞ്ഞു വരാനിടയാകണം. ലോകപ്രശ്നങ്ങളുടെ അടിസ്ഥാനകാരണം നാം പരസ്പരം വേണ്ടപ്പെട്ടവരാണെന്ന ബോധം വളർത്തിയെടുക്കാതിരുന്നതല്ലേ.

നന്മ മാത്രം വിളയിക്കുന്ന മനസ്സല്ല ദർശനം സ്വപ്നം കാണുന്നത്. "സോദരർ തമ്മിലെപ്പോരൊരു പോരല്ല, സൌഹൃദത്തിന്റെ കലങ്ങിമറിയലാം" എന്ന ഗാനശകലമാണ് ഓരോരുത്തരുടെയും ജീവിതം എന്നു വരണം. ഒരു സമയത്ത് ഒരാൾ അമിത ഭോഗാസക്തികൊണ്ട് മറ്റൊരാളെ ഉപദ്രവിച്ചുവെന്നു വരാം. അത് ആ സുഹൃത്തിന്റെ നിത്യജീവിതശൈലിയാണെന്ന് ആരും കരുതരുത്. നമുക്ക് ബലമായി അദ്ദേഹത്തെ തടയേണ്ടിവന്നേക്കാം. അങ്ങനെ തടയുന്നത് അയാളുടെ രക്ഷയ്ക്കും കൂടി ആവശ്യമാണ്. ഇടയക്ക് നമ്മളാരും വിചാരിക്കാത്തത് ഭൂമിയിൽ നടന്നെന്നുവരും. ആകെ കലങ്ങി നമ്മുടെ വിശ്വകുടുംബം അവതാളത്തിലായെന്നും വരും. സകലചലനങ്ങളുടെയും കാര്യകാരണബന്ധം നമുക്കു കണ്ടെത്താനാവില്ല. നമ്മുടെ ധർമ്മം, നമ്മുടെ കുടുംബത്തിന്റെ സുസ്ഥിതിക്കുവേണ്ടി നമ്മാലാവത് ചെയ്യുക മാത്രം. പ്രളയാഗ്നി ലോകം മുഴുവൻ വിഴുങ്ങുകയാണെങ്കിൽ അത് നടന്നുകൊള്ളട്ടെ. ഇപ്പോൾ നമുക്കു വേണ്ടതെന്തു? ഞാനും നിങ്ങളും ഉൾപ്പെടുന്ന നമ്മുടെ ഈ വിശ്വഭവനത്തെ കലാപത്തിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും രോഗത്തിൽ നിന്നും അജ്ഞതയിൽനിന്നും മോചിപ്പിക്കുവാൻ സദാ പരിശ്രമിക്കുക—അത്രമാത്രം. നമുക്കിനി ഇന്നത്തെ ഈ സങ്കുചിത ജീവിതശൈലി തുടരാൻ ഇടയാകാതിരിക്കണം. ലോകജനത ഒരു കുടുംബ ബോധത്തിലേക്ക് വരണം. ലോകം മുഴുവൻ എനിക്കുവേണ്ടിയുണ്ടെന്നും ഞാൻ ലോകത്തിനാകെ വേണ്ടിയാണെന്നും ഉള്ള ആത്മബോധത്തിൽ ഓരോരുത്തർക്കും സുഖമായി ഉറങ്ങാൻ കഴിയണം. ഇന്നത്തെ സാഹചര്യത്തിൽ അതു സാധിക്കുമെന്ന് കരുതാൻ പ്രയാസമാണെന്നു സമ്മതിക്കുന്നു. എന്നാൽ അതാണു വേണ്ടതെന്നുറപ്പുണ്ടെങ്കിൽ അതിന് വേണ്ടി ശ്രമിക്കാൻ മടിക്കാമോ? ഈ ശ്രമത്തിന് നാമേരോരുത്തരും കഴിവുള്ളവരാകണമെങ്കിൽ നമ്മുടെ മനസ്സിൽ ആ പുതിയ ലോകത്തെപ്പറ്റി ഏറെക്കുറെ വ്യക്തമായ ഒരു ദർശനം ഉണ്ടാകണം. ആ ലോകം നാം മുൻപിൽ കാണണം. അവിടെയാണ് നമുക്കെത്തേണ്ടത് എന്ന ലക്ഷ്യബോധം മനസ്സിൽ തെളിഞ്ഞു വരണം. അതിനു സഹായിക്കുന്ന ഒരു ചെറിയ കൈപ്പുസ്തകമാണ് ഇത്. മാറ്റത്തിനുവേണ്ടി ശ്രമിക്കുന്ന ഓരോരുത്തരും ഈ ലക്ഷ്യബോധം ഉൾക്കൊള്ളുകയും ബഹുജനങ്ങളുടെ മനസ്സിലേക്ക് ഇത് പകർന്നുകൊടുത്തുകൊണ്ടിരിക്കുകയും വേണം. അതിന് സഹായകമാകണം ഈ ചെറു കൃതി. പുതിയ സമൂഹത്തിന് 'വികസിത ജനകീയ സോഷ്യലിസമെന്നോ' 'കമ്മ്യൂണിസമെന്നോ' ഉള്ള പദങ്ങൾ മതിയാകാതായിരിക്കുന്നു. 'ജനാധിപത്യം' എന്ന പദം ഒട്ടും മതിയാവില്ല.

ഭാവിലോകത്തിന്റെ പ്രചോദന

ഭാവിലോകത്തിന്റെ മുഖ്യ ആശയം വ്യക്തമാക്കാനുള്ള അവസ്ഥ ലൈക്കോലോജം ഇതാണ് നമ്മുടെ വാർത്തകൾ ഇപ്പോൾ ഇന്ത്യയുടെ ചന്ദ്രയാൻ വിജയത്തെ ഇന്ത്യയിലെയാണ്. ലോകത്തെയല്ല. ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ ജീവിതത്തെ ഒരു പരിധിവരെ. ആകെയല്ല. ആ സ്വപ്നം. നമ്മുടെ നാട്ടിലെ ഗ്രാമീണ ജനതയുടെ ജീവിതത്തെ ഒരു പരിധിവരെ ലൈക്കോലോജം ലോകത്തിലെ ഏറ്റവുമധികം ഗ്രാമീണരുടെ ജീവിതത്തെ. ഏറ്റവുമധികം ഗ്രാമീണരുടെ നമ്മുടെ നാട്ടിലെ ഗ്രാമീണ ജനതയുടെ ജീവിതത്തെ ഒരു പരിധിവരെ. ആകെയല്ല. ആ സ്വപ്നം. ഗ്രാമീണ ജനതയുടെ ഗ്രാമീണരുടെ

ഭാവി ധനതത്വശാസ്ത്രം

"ഓരോരുത്തരും മറ്റുള്ളവർക്കു വേണ്ടി പണി എടുത്ത് അവർ തരുന്നതു കൊണ്ട് ജീവിച്ചുകൊള്ളണം എന്നാണോ ദർശനം ഉദ്ദേശിക്കുന്നത്?"

ഈ ചോദ്യത്തിന്റെ ഉത്തരം അത്ര ലളിതമല്ല. ആകെ മാറ്റത്തിന്റെ കൂടെ ധനതത്വശാസ്ത്രവും മാറും. പുതിയ ലോകത്തിന്റെ സാമ്പത്തിക സംവിധാനത്തിന്റെ ജീവൻ; നാം പരസ്പരം ഉണ്ട് എന്ന ബോധമായിരിക്കും. നീയാണ് എന്റെ സമ്പത്ത്. അത് വന്നു കഴഞ്ഞാൽ സ്വകാര്യ ഉടമയും സാമൂഹ്യ ഉടമയും രണ്ടും മാഞ്ഞുപോകും. പകരം എന്താണ് പുതുതായി ഉണ്ടാവുക. കൈവശ സംവിധാനമാണ് അന്നത്തെ പുതിയ ഉടമാസമ്പ്രദായം. ഭൂമിയിലുള്ള എല്ലാവർക്കും അവരവരുടെ കഴിവും താൽപര്യവും അനുസരിച്ച് എന്തെങ്കിലും ചിലത് കൈവശം വയ്ക്കാനുണ്ടാകും. അത് ഭൂമിയാകാം, വളർത്തുമൃഗങ്ങളാകാം, യന്ത്രങ്ങളാവാം, വാഹനങ്ങളാവാം, തൊഴിൽ സാമർത്ഥ്യമാവാം. ഒരു പ്രദേശത്ത് ഒരാൾക്ക് ഒരു ഹെക്ടർ ഭൂമി ഉണ്ടെന്നിരിക്കട്ടെ. അവിടെയുള്ള എല്ലാവർക്കും ഓരോ ഹെക്ടർ വീതം വേണമെന്നില്ല. ചിലർക്ക് കൃഷിയിൽ താൽപര്യമില്ലെങ്കിൽ അവർക്കു വീടിനുള്ള സ്ഥലം മാത്രം മതി.

അന്നത്തെ സാമ്പത്തിക സമത്വത്തിൽ ഊന്നിയുള്ളതായിരിക്കില്ല; ബന്ധുത്വത്തിൽ ഉള്ളതായിരിക്കും. ഈ ഒറ്റവീട്ടുകാരൻ ഒരു പൈലറ്റാണെന്നിരിക്കട്ടെ. ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് അവശ്യസാധനങ്ങളെത്തിക്കുന്ന ഒരു പൈലറ്റ്. അയാൾ സ്വന്തം കുടുംബത്തിന് എന്ന നിലയ്ക്കാണ് ഈ സർവ്വീസ് ചെയ്യുന്നത്. അപ്പോൾ അദ്ദേഹത്തിന്റെ വീട്ടുകാരെ മറ്റുള്ളവരും സ്വന്തമായി കാണും. അരിയോ പച്ചക്കറികളോ വസ്ത്രമോ എന്തു വേണമെങ്കിലും തങ്ങളുടെ കുടുംബാംഗത്തിന് എന്ന നിലയിൽ ഗ്രാമീണർ ഓരോരുത്തരും എത്തിച്ചു കൊടുക്കും. ഞാൻ ഭൂമിയോ വൈദഗ്ധ്യമോ സ്വന്തമാക്കി വയ്ക്കുന്നത് എല്ലാവർക്കും വേണ്ടിയായിരിക്കും. എന്റെ വീട്ടിലെ പശുവിൻപാൽ ആവശ്യമുള്ള ആർക്കും കൊണ്ടുപോകാം. അതിനാണ് ഞാൻ പശുക്കളെ വളർത്തുന്നത്. നമ്മുടെ ഒരു ചെറിയ വീട്ടിൽ ഇന്നും ഇത് നടന്നുപോരുന്നുണ്ട്. ചേച്ചിക്കും അയൽക്കാർക്കും ചേട്ടനുമൊക്കെ ചക്കയോ മാങ്ങയോ ചീരയോ പങ്കിട്ടുകൊടുക്കുന്നതു വാങ്ങാൻ അവർ ലജ്ജിക്കാറില്ലല്ലോ. ഈ കുടുംബ മനോഭാവം വിശ്വവ്യാപകമാക്കണമെന്നേ ദർശനം പറയുന്നുള്ളു. പരിശീലിച്ചാൽ ഇത് സാധിക്കാവുന്നതാണ്.

എന്റെ ഒരു സുഹൃത്ത് ഒരാവശ്യത്തിന് മലപ്പുറത്ത് പോയിരുന്നു. മടങ്ങി വരുമ്പോൾ പട്ടാമ്പി കുന്നു പോലെ കുരുന്നു വെണ്ടയ്ക്ക കൂട്ടിയിട്ടിരിക്കുന്നു. അദ്ദേഹം വണ്ടി നിർത്തി ഇറങ്ങി. വെണ്ടയ്ക്ക നല്ലതാണെന്ന് ബോധ്യമായി. കിലോയ്ക്ക് എന്തു വിലയാകും എന്നു ചോദിച്ചു. വ്യാപാരി പറഞ്ഞു 3 രൂപ. പെട്ടെന്ന് അദ്ദേഹത്തിന്റെ മനസ്സിൽ അയൽ വീടുകളെല്ലാം വന്നു. അദ്ദേഹം 14 കിലോ വാങ്ങി. വീട്ടിൽ കൊണ്ടുവന്ന് മേശപ്പുറത്ത് 14 വീതം കൂട്ടിവച്ചു. അയൽക്കാരെ അറിയിച്ചു. ഓരോ വീട്ടികാരും വന്ന് 3 രൂപ വച്ചിട്ട് ഓരോ കൂന കൊണ്ടുപോയി. മറ്റുള്ളവരെപ്പറ്റി ക്കൂടി പരിഗണിച്ചുപെരുമാറുന്ന ഈ രീതി വികസിപ്പിക്കുവാൻ കഴിയാത്തതാണോ? ഇവിടെ അന്ന് 6 രൂപയാണ് വില.

സർ സ്വപ്നംകാണുന്ന ആ ലോകത്ത് ബാങ്കുകളുടെ പ്രവർത്തനം എങ്ങനെയായിരിക്കും?

ബാങ്കുകളെ ഉണ്ടാവില്ല. നാണയമില്ലാത്തിടത്ത് ബാങ്ക് എന്തിന്. കൊടുക്കൽ വാങ്ങലല്ലാതെ കടം വാങ്ങുകയേ വേണ്ടാതാവും.

മറ്റൊരു ചോദ്യം. "തനിക്കും കുടുംബത്തിനും വേണ്ടതെല്ലാം യഥേഷ്ടം കിട്ടും എന്നുവന്നാൽ ആരെങ്കിലും കഠിനാദ്ധ്വാനത്തിന് തയ്യാറാകുമോ? അന്ന് അദ്ധ്വാനത്തിന്റെ പ്രേരകശക്തി എന്തായിരിക്കും?"

എല്ലാവരും ചിന്തിക്കേണ്ട ഒരു പ്രശ്നമാണിത്. സ്വകാര്യ ലാഭം മുന്നിൽ കാണാതെ വ്യക്തികൾ കഷ്ടപ്പെടാൻ തയ്യാറാകുമോ. ഇന്ന് അദ്ധ്വാനത്തിന്റെ മുഖ്യ പ്രേരണ പ്രതിഫലമാണ്—നാണയമാണ്—എന്നു വ്യക്തം. എന്നാൽ സ്വന്തം വീട്ടിൽ കഠിനാദ്ധ്വാനം ചെയ്യുന്നവർ കൂലിയെപ്പറ്റി ഇന്നും ചിന്തിക്കുന്നില്ല. വെളുപ്പിന് 4 മുതൽ രാത്രി 11 വരെ വീട്ടിൽ പണി എടുക്കുന്ന ഒരു കുടുംബനാഥയുടെ പ്രേരകശക്തി എന്താവും. തന്റെ കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ കഴിവതും നന്നായി സാധിച്ചുകൊടുത്തു കുടുംബം നന്നായി വരണം എന്നല്ലേ? ഈ മനോഭാവത്തെ വികസിപ്പിക്കുകയാണ് നമുക്ക് വേണ്ടത്. ഈ വികാസം ചിന്താരംഗത്തുനിന്ന് ജീവിത രംഗത്തേക്ക് സാവധാനം പെയ്തിറങ്ങിവരുമ്പോൾ ലോകത്ത് അത്യത്ഭുതകരമായ മാറ്റം കാണാനാവും. സ്വന്തം വീടിനുവേണ്ടി ഇത്രമാത്രം കഷ്ടപ്പെടുന്ന സ്ത്രീപുരുഷന്മാർ ലോകത്തിനുവേണ്ടി ഇതിലെത്രയോ ഇരട്ടി ഉശിരോടെ പ്രവർത്തി എടുക്കും. തനിക്കുവേണ്ടി ലോകമാകെ ഉണ്ടെന്നു വരുമ്പോൾ താൻ ലോകത്തിനു വേണ്ടിയും ഉണ്ട് എന്നുറപ്പാക്കുക അത്ര വലിയ ആദർശമൊന്നുമല്ല. ഇതൊക്കെ ഇന്നും നടന്നുവരുന്ന കാര്യങ്ങളാണ്.

എന്റെ ഓർമ്മയിൽ നാട്ടിലാകെ ഓലപ്പുരകളായിരുന്നു. വെളുപ്പിന് വന്ന് പുരപൊളിക്കുന്നത് അയൽക്കാരാണ്. പഴയ ഓല അടുക്കിക്കെട്ടി വയ്ക്കും. തെങ്ങിൽ കയറി ഓല മടൽ വാട്ടി വാർന്ന് കെട്ടുനാരുണ്ടാക്കി വയ്ക്കും. പുര ആകെ തുത്തുവാരും. ഇതൊന്നും വീട്ടുകാർ പറഞ്ഞിട്ടില്ല. കെട്ടാൻ കയറുന്നതിനുമുമ്പ് കഞ്ഞിയും ചെറുപയറും തോരനും കാച്ചിയതോ ചുട്ടതോ ആയ പർപ്പിടകവും ഉപ്പിലിട്ടതോ ചമ്മന്തിയോ തേങ്ങാപ്പൂളോ ഉണ്ടാവും. പ്ലാവില നേരത്തെ കുത്തിവച്ചിരിക്കും. തിണ്ണയിലോ പറമ്പിലോ നിരന്നിരുന്ന് ഫലിതങ്ങൾ പറയുമ്പോൾ കാർണവന്മാരും കൂടും. പുര കെട്ടിക്കഴിഞ്ഞ് ഇറ കണ്ടിച്ച് ആറ്റിൽപോയി ചീടി നീന്തിപ്പതച്ച് തുടച്ച് എത്ര ആഹ്ലാദമായിട്ടാണ് കേറിവരുക. ഓല തികയാതെവന്നാൽ അവരവരുടെ വീടുകളിൽ ചെന്ന് എടുത്തുകൊണ്ടുവരും. പുരകെട്ട് ഒരുത്സവമാണ്. അന്യോന്യത അന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കും. ചിലർ മിച്ചം വന്ന ഓരോ കെട്ട് പഴയോല വീട്ടിലേക്ക് കൊണ്ടുപോയെന്നുവരും. പുരകെട്ടുസദ്യയ്ക്ക് ചിലർ പായസവും വയ്ക്കും. അയലത്തെ കുട്ടികളെല്ലാവരും കഞ്ഞിക്കും ഊണിനും കാണും. ഇതൊക്കെ പോരെ. കളംവെട്ട്, വേലികെട്ട്, കല്യാണ കൊട്ടിൽ കെട്ട്, കിണറുതേകൽ, എല്ലാം ഇങ്ങനെതന്നെ നടന്നിരുന്നു. ചിലപ്പോൾ ഒന്നും രണ്ടും പറഞ്ഞ് വഴക്കുണ്ടാക്കി എന്നും വരും. അത് പുതിയ സമൂഹത്തിലും ഉണ്ടാകും. പിന്നെ ഒന്നിച്ചിരുന്ന് ചീട്ടുകളിക്കും. ഈ സഹകരണം അന്നു സാധിച്ചിരുന്നുവല്ലോ. അതിനിയും സാധിക്കാവുന്നതേയുള്ളു.

ലളിതമായ ലക്ഷ്യം

ദർശനത്തിന്റെ ഭാവനയിൽ വിരിഞ്ഞു വരുന്ന പുതിയ സമൂഹം പരന്നതാണെങ്കിലും അഗാധമല്ല. ഒന്നിനൊന്നുണ്ട് എന്ന ബോധത്തിൽ കണ്ണി ചേരണമെന്നേ ദർശനം ഉദ്ദേശിക്കുന്നുള്ളു. ദാരിദ്ര്യമില്ലാത്ത, കലഹമില്ലാത്ത, രോഗമില്ലാത്ത എന്നൊക്കെ പറയുമ്പോൾ അർത്ഥമാക്കേണ്ടത് ഒരു കുടുംബം രോഗബാധിതമായാൽ അന്വേഷിക്കാൻ അതറിയുന്ന എല്ലാവരും ഉണ്ടാകും എന്നാണ്. ദാരിദ്ര്യം ഒരു നാട്ടിൽ പരന്നാൽ മറുനാടുകൾ അവിടെ എത്തിപോംവഴി കണ്ടെത്താൻ ശ്രമിക്കും. കലഹമുണ്ടായാൽ അതൊഴിവാക്കാൻ ജനം മുന്നോട്ടു വരും. സ്വാകാര്യത ഇല്ലാത്ത വ്യക്തികളാവണം എല്ലാവരും എന്ന് ദർശനം ഉദ്ദേശിക്കുന്നില്ല. ഓരോരുത്തരുടേയും സ്വകാര്യതയെ നിറവേറ്റാൻ മറ്റുള്ളവരും ഉണ്ടാകുന്നൊരവസ്ഥ സംജാതമാകണം എന്നതാണ് ലക്ഷ്യം. എനിക്കുവേണ്ടി ഞാൻ മാത്രം എന്ന തലത്തിൽ നിന്ന് എനിക്കുവേണ്ടി എല്ലാവരും ഉണ്ട്; ഞാൻ മറ്റുള്ളവർക്കു വേണ്ടിയും ഉണ്ട്. ഈ കാഴ്ചപ്പാട് സ്വീകരിക്കാൻ ഒരു ശ്രമം നടക്കണം എന്നേ ആഗ്രഹിക്കുന്നുള്ളു. ദർശനത്തിന്റെ ഈ ലളിത സമീപനം ലോകം അറിയണം.

ഈ പറയുന്നതെല്ലാം പ്രായോഗികമാക്കാൻ പറ്റുമോ?

അല്ലെന്നു പറയുമ്പോൾ രണ്ടു കാര്യം ഓർക്കണം.

1. ഇന്നത്തെ നിലയിൽ ഇനിയും തുടരാൻ പറ്റുമോ?
2. മനോവികാസം അസാദ്ധ്യമായ കാര്യമാണോ? കൂട്ടമായ ശ്രമം തുടങ്ങിയാൽ തീർച്ചയായും ഒന്നിനൊന്നു കൈകോർക്കാൻ കഴിയും. ആരെങ്കിലും വിഘടിച്ചു നിന്നാൽ സാവധാനം ഈ ഒഴുക്കിൽ വന്നുകൊള്ളും. സംശയിക്കാതെ ലാഭനഷ്ടങ്ങൾ നോക്കാതെ മുന്നോട്ടു വരുന്നവരുടെ എണ്ണം അനുദിനം വർദ്ധിപ്പിച്ചുകൊണ്ടിരുന്നാൽ മാത്രം മതി. സംഭവം ഉണ്ടാകാതിരിക്കില്ല. പരിശ്രമം തന്നെ സംഭവമായിത്തീരും. മൈത്രിജീവനം ഒരു പ്രവാഹമാകട്ടെ. സാമൂഹ്യവിരുദ്ധരും അതിൽ വന്നു ചേർന്നുകൊള്ളും.

ചുവടുകൾ

ചുവടുകൾ ചുവടുകൾ ചുവടുകൾ

മനസ്സും വിവേകവും

മനസ്സ് വെറുക്കുമ്പോൾ ഇഷ്ടപ്പെടണം.

മനസ്സ് കൊടുക്കാതിരിക്കാൻ ന്യായം കണ്ടെത്തുമ്പോൾ വിവേകം കൊടുക്കണം.

മനസ്സ് മടിപിടിക്കുമ്പോൾ വിവേകം ഊർജ്ജസ്വലമാകണം.

മനസ്സ് പോരാ എന്നാർത്തി കാണിക്കുമ്പോൾ വിവേകം മതി എന്നു വയ്ക്കണം.

എന്നാൽ സാഹചര്യം കൂടി മനസ്സിനനുകൂലമാകുമ്പോൾ വിവേകം തോറ്റുപോകും. മനസ്സിനെ തടയാതെ അതിന്റെ വഴിക്ക് വിട്ടിട്ട് വിവേകം തനതു വഴിയെ നീങ്ങാൻ തുടങ്ങണം. ഈ പൗരുഷം വ്യക്തിയിൽ ഉണർന്നാൽ മാത്രമേ പുതിയ മനുഷ്യനും പുതിയ ലോകവും പിറവി എടുക്കൂ.

ആയിരക്കണക്കിന് വർഷങ്ങളായി എത്രയോ മഹാപുരുഷന്മാരും, വിപ്ലവ പ്രസ്ഥാനങ്ങളും ജീവൻ ബലികൊടുത്ത് ശ്രമിച്ചിട്ടും ഭയം കൂടാതെ ലോകത്തിന് ഒന്നുറങ്ങാൻ ഇന്നും കഴിയാതിരിക്കുന്നതെന്തുകൊണ്ട്?

കഴിഞ്ഞകാലസംഭവങ്ങളെ വിമർശിക്കുവാൻ എനിക്കു താല്പര്യമില്ലെങ്കിലും മുന്നേറുവാൻ കഴിയാതെ വന്നതിന്റെ കാരണം അന്വേഷിക്കുമ്പോൾ അങ്ങോട്ടുകൂടി കടക്കേണ്ടിവരും. ക്ഷമാപണത്തോടുകൂടി എഴുതട്ടെ.

1. പലരും നേരെ ഈശ്വരങ്കലേക്കും ഗുരുവിലേക്കുമാണ് ജനങ്ങളെ നയിക്കുന്നത്; അന്യോന്യതയിലേക്കല്ല മോക്ഷ മാർഗ്ഗത്തിലേക്ക് കൈപിടിച്ച് നടത്താൻ ശ്രമിച്ച കൂട്ടത്തിൽ സമൂല ജീവിത പരിവർത്തനത്തിന് പ്രേരണ വേണ്ടത്ര നൽകിയില്ല. ഗുരുപൂജയോടുചേർന്ന് മാനവ സേവനം ഗുരുക്കന്മാരിൽ ചിലരെങ്കിലും പറഞ്ഞെങ്കിലം ശിഷ്യന്മാർ ഗുരു പൂജയ്ക്കപ്പുറം കടന്നില്ല.
2. തന്നിലും തന്റെ പ്രസ്ഥാനത്തിലും വിശ്വസിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ശ്രമിച്ചു; പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ സമൂഹജീവിതത്തിന് അത്ര പ്രാധാന്യം നൽകിയില്ല.
3. ബുദ്ധന്റെ കാലം മുതൽ വമ്പിച്ച ബുദ്ധവിഹാരങ്ങളും മഹാ ക്ഷേത്രങ്ങളും വൻ ചർച്ചകളും സുന്ദരമായ മോസ്ക്കും നിർമ്മിക്കുന്നതിൽ ജനങ്ങൾ വ്യാപൃതരായി. ആദ്യം വേണ്ടത് പരസ്പരം കൈകോർക്കുകയാണെന്നപാഠം ആരും പഠിപ്പിച്ചില്ല. വിപ്ലവകാരികൾ ആവട്ടെ, തങ്ങളുടെ ദേശത്തിന്റെ മോചനത്തിനും വർഗ്ഗാധിപത്യത്തിനും വേണ്ടി പോരാടി മരിച്ചു. സമ്പന്നരെ ഇല്ലാതാക്കിയാൽ സ്വത്തു കുന്നു കൂട്ടുന്ന പ്രവണത ഇല്ലാതായിക്കോളും എന്നവർ കരുതി. ആ വീക്ഷണം ശരിയായിരുന്നില്ല.
4. തൊഴിലാളി വർഗ്ഗം അധികാരത്തിൽ വന്നാൽ ഭൂമിയിൽ ഭരണകൂടം പോലും ആവശ്യം ഇല്ലാത്ത വർഗ്ഗരഹിത സമൂഹജീവിതം സംഭവിച്ചുകൊള്ളും എന്ന് ചിലർ കരുതി. ഭരണകൂടത്തിലൂടെ വർഗ്ഗമുക്തി സാധിക്കും എന്നു തെറ്റിദ്ധരിച്ചു. ഭരണകൂടം കൈയ്യിൽ വന്നുകഴിഞ്ഞാൽ തൊഴിലാളികളിൽ ഉറങ്ങിക്കിടക്കുന്ന മുതലാളിത്തം ഉണർന്ന് ഭരണകൂട ശാപം വർദ്ധിപ്പിക്കും എന്ന് കരുതിയില്ല.
5. എല്ലാത്തിനും പരിഹാരം ആയുധം ആണെന്ന ധാരണ ഒരു കാലത്ത് കാലോചിതം ആയിരുന്നിരിക്കാം. ഇന്നല്ല. എങ്കിലും അധികാരികളും ജനങ്ങളും ഈ തെറ്റിദ്ധാരണയെ ഇന്നും മുറുകെപ്പിടിക്കുകയാണ്.

സർവ്വോപരി മനുഷ്യന്റെ ഗതി കാലത്തിനും ദേശത്തിനും അനുസരിച്ചേ ഒഴുകൂ എന്നു സമ്മതിക്കുന്നു. എന്നാൽ മനസ്സിലാക്കേണ്ടത് കാലദേശങ്ങൾക്ക് അതീതം ആയ മാനവ ഐക്യം കൊണ്ട് മാത്രമേ നമ്മുടെ സങ്കീർണ്ണ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകൂ എന്നാണ്. ഈ തിരിച്ചറിവ് ഉണ്ടാകുന്നില്ല എങ്കിൽ ഇന്നത്തെ കാറ്റിലും കോളിലും പെട്ട് നമ്മുടെ വള്ളം മുങ്ങിയെന്നു വരാം. ഒരു കടത്ത് വള്ളം ശക്തിയായി കാറ്റിലും കോളിലും പെട്ട് ഉലഞ്ഞുകൊണ്ടിരിക്കുമ്പോൾ യാത്രക്കാർ തമ്മിൽ അടിപിടിയും ലഹളയുംകൂടി തുടർന്നാൽ വള്ളം മുങ്ങുകയല്ലേ ഉള്ളൂ.

ചില നിർദ്ദേശങ്ങൾ:

1. ഈ പുസ്തകത്തിന്റെ സാരം മൂന്നു പദങ്ങളിൽ ഒതുക്കാം. 1. മൈത്രീ സാധന 2. കൊടുക്കൽ വാങ്ങൽ 3. വിളിപ്പാട് സമൂഹ ജീവിതരചന. ഇതു മൂന്നും ഓരോരുത്തരും ശീലമാക്കിയാൽ പിരിമുറുക്കം അയഞ്ഞുവരും.
2. നാണയം, ഭരണകൂടം. ഇതു രണ്ടും ചേർന്ന് നിന്നാണ് മനുഷ്യത്വത്തിലേക്കുള്ള വഴി അടച്ചത്. അധികാരവും അതുവഴി ധനവും കയ്യിലായാൽ ലോകാധിപത്യം കയ്യിലായി. ബി. സി. കാലങ്ങളിൽ തുടങ്ങിയ ഈ ശ്രമം നിയന്ത്രിച്ചില്ലെങ്കിൽ ഭൂമിക്കാകെ മനുഷ്യവർഗ്ഗം ശാപമായിത്തീർന്നേക്കാം. തന്നെയല്ല; ഒരു പരിധി കഴിഞ്ഞാൽ ആർക്കും നിയന്ത്രിക്കാൻ കഴിയാതെയും വരും.
3. 'ഭാവിയിലേക്ക്' എന്ന പുസ്തകവും 'ഭാവിലോകം' എന്ന പുസ്തകവും ഒന്നിച്ച് ബയന്റ് ചെയ്തുവയ്ക്കാം. വലിപ്പവും ആശയും ഒന്നിനൊന്നു ചേരും.
4. അപമാനവും നഷ്ടവും സഹിച്ചും സംഘർഷം ഒഴിവാക്കുകയാണ് കാലോചിതം.
5. ഏറ്റവും പ്രധാനമായ കാര്യം ഇതൊന്നുമല്ല. ഭാവിലോക സംവിധാനത്തെപ്പറ്റി വ്യക്തമായ ഒരു ഭാവന ഓരോരുത്തരും തെളിച്ചെടുക്കണം. നമ്മുടെ ചലനങ്ങൾ അതിന്റെ സാക്ഷാത്കാരത്തിനു വേണ്ടയാവണം.
6. അതിലേക്ക് മൈത്രീസാധന ഈ നിമിഷം തന്നെ തുടങ്ങുക. "ആരും അന്യരല്ല. എല്ലാവരും വേണ്ടപ്പെട്ടവർ." കയ്യിൽ വരുന്നതിന്റെ അംശം മിത്രഭാവേന ആർക്കെങ്കിലും കൊടുത്തു തുടങ്ങുക.
7. നേടിയതെല്ലാം ഉപേക്ഷിച്ചു മരിക്കാൻ പോകുകയല്ലേ നാം. നേടിയതെല്ലാം സമൂഹത്തിന് സമർപ്പിച്ചു ജീവിച്ചു നോക്കിയാൽ എങ്ങനെയിരിക്കും എന്നറിയാമല്ലോ. ധൈര്യപ്പെടരുതോ.

ഏകാത്മദർശനം

ബൾബായാലും ട്യൂബായാലും ഫാനായാലും ഉള്ളിൽ പ്രവർത്തിക്കുന്ന കറന്റ് ഒന്നുതന്നെ.

മോതിരമോ വളയോ മാലയോ ഏതായാലും സ്വർണ്ണം സ്വർണ്ണം തന്നെ.

തിരയായോ ഒഴുക്കായോ ചുഴിയായോ വെള്ളച്ചാട്ടമായോ ഏതുനിലയിൽ കണ്ടാലും എല്ലാം വെള്ളം തന്നെ.

പ്രഭാതം, മദ്ധ്യാഹ്നം, സായാഹ്നം, അസ്തമയം ഇവ ഏതു നിലയിൽ അനുഭവപ്പെട്ടാലും സൂര്യൻ ഉദിക്കുന്നുമില്ല അസ്തമിക്കുന്നുമില്ല, സദാ സ്വസ്ഥാനത്തു തന്നെ.

ഒരു തടി തന്നെയാണ് മേശയായും കസേരയായും ബഞ്ചായും രൂപപ്പെട്ടിരിക്കുന്നത്.

കലവും, ചട്ടിയും, കുസയും, ചെടിച്ചട്ടിയും അടിസ്ഥാനപരമായി മണ്ണല്ലാതൊന്നുമില്ല.

പശു വെളുമ്പിയോ, കറുമ്പിയോ, ചെമലയോ ഏതുമാകട്ടെ പാലിന് ഒരേ നിറം വെള്ള.

പരുന്തോ, തിമിംഗലമോ, രാജവെമ്പാലയോ, എറുമ്പോ, ആനയോ ഏതുമാകട്ടെ ജീവന്റെ തലത്തിൽ ഭിന്നമല്ല.

വിശ്വാസത്തിലോ, ആചാരത്തിലോ, സ്വാഭാവത്തിലോ, ഭാഷയിലോ, നിറത്തിലോ വ്യത്യസ്തത ഉണ്ടായിരിക്കുമ്പോഴും നമ്മുടെ വർഗ്ഗം മാനുഷികം തന്നെ.

പ്രപഞ്ച ദർശനത്തിൽ കാണുന്ന വൈവിദ്ധ്യങ്ങൾ ഒന്നും ആത്മദർശനത്തിൽ നിലനിൽക്കില്ല.

വസ്തു ദർശനത്തിന്റെ പിന്നാലെ ഏകാത്മ ദർശനം ഓരോരുത്തരും പരിശീലിക്കുവാൻ തുടങ്ങുന്നതോടുകൂടി ഭൂമി പരിവർത്തനത്തിന്റെ മാർഗ്ഗത്തിൽ പ്രവേശിക്കും.

മാറ്റത്തിനു വേണ്ടി ശ്രമിക്കാമെന്നുള്ളവർ അറിയിച്ചാൽ പരസ്പരം പരിചയപ്പെടുന്നതിന് വഴി ഒരുക്കാം. എഴുതുക.

അന്തിമ ശരി ഏതെന്ന് ആർക്കറിയാം. എന്റെ തോന്നൽ ഇതിൽ രേഖപ്പെടുത്തി എന്നു മാത്രം. ഉൾക്കൊള്ളുകയോ തള്ളുകയോ വായനക്കാരുടെ ഹിതത്തിന് വിടുന്നു. നിറുത്തട്ടെ.

□

കഞ്ഞിപ്പാടത്തെ പങ്കജാക്ഷക്കുറുപ്പ്

പ്രശസ്ത കഥാകൃത്ത് ശ്രീ സക്കറിയ 'ഇന്ത്യാ ടുഡെ'യിൽ ഫെബ്രുവരി 2000-ആണ്ട് ശ്രീ ഡി. പങ്കജാക്ഷ നെപ്പറ്റി എഴുതിയ ലേഖനത്തിൽ നിന്ന്:

ഡി. പങ്കജാക്ഷക്കുറുപ്പിനെ അധികമാളുകൾ അറിയില്ല. അത്തരമൊരു അറിയൽ അദ്ദേഹം ആഗ്രഹിക്കുന്നുണ്ടെന്നും തോന്നുന്നില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ മാധ്യമങ്ങളുടെ പ്രത്യേകശ്രദ്ധ ആകർഷിച്ചിട്ടുള്ളതായും എനിക്കറിവില്ല. വർഷങ്ങൾക്കുമുമ്പാണ് ഒരിക്കൽ ഞാൻ അദ്ദേഹത്തെ നേരിട്ടുകണ്ടത്.

പങ്കജാക്ഷക്കുറുപ്പ് ഒരു റിട്ടയേഡ് അദ്ധ്യാപകനാണ്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയ്ക്കടുത്തുള്ള കഞ്ഞിപ്പാടം എന്ന സ്ഥലത്താണ് അദ്ദേഹത്തിന്റെ താമസം. അദ്ദേഹം നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനത്തിന്റെ പേര് 'അയൽക്കൂട്ടം' എന്നാണ്. (നേതൃത്വം എന്ന വാക്ക് പങ്കജാക്ഷക്കുറുപ്പ് അംഗീകരിക്കുമെന്നു തോന്നുന്നില്ല. കാരണം അദ്ദേഹത്തിന്റെ വാക്കുകളിൽതന്നെയുണ്ട്: "പാരിറ്റി വേണ്ടത് ശമ്പളത്തിലല്ല, ജീവതത്തിലാണ് എന്നു കാണണം. നാട്ടിൽ നമ്മളോടൊപ്പം ജീവിക്കുന്നവരുമായി നമുക്ക് പാരിറ്റി വേണം".

സക്കറിയ തന്റെ ലേഖനം ഇങ്ങനെ അവസാനിപ്പിക്കുന്നു:



പോൾ സക്കറിയ

പങ്കജാക്ഷക്കുറുപ്പിന്റെ സ്ഥിതപ്രജ്ഞയുടെയും ഹൃദയനൈർമ്മല്യത്തിന്റെയും ആദർശശുദ്ധിയുടെയും മാനവികതയുടെയും മുമ്പിൽ ഞാൻ, ഇങ്ങനെയൊരു മനുഷ്യനും നമ്മോടൊപ്പമുണ്ട് എന്ന് അഭിമാനത്തോടെയും ആ തിരിച്ചറിവു നല്കുന്ന എളിമയോടെയും തലകുനിക്കുന്നു. അദ്ദേഹത്തിന്റെ, അസാധ്യമെന്നു തോന്നുന്ന സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടട്ടെ എന്ന് ആശംസിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ ഈകുറിപ്പ് അവസാനിപ്പിക്കട്ടെ: "സംഭവിക്കുകയോ ഒരിക്കലും സംഭവിക്കാതിരിക്കുകയോ ചെയ്യട്ടെ. നമ്മളാലാവത് നമുക്കു ചെയ്തുകൊണ്ടിരിക്കാം".

—ഇന്ത്യാ ടുഡെ, ഫെബ്രുവരി 2000.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014